**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4582** **13-03-2023 - ൽ മറുപടിയ്ക്ക്**

**പ്രീമെട്രിക് ഹോസ്റ്റലുകളെ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കിളിമാന്നൂർ അയ്യപ്പൻ കാവ് നഗറിൽ സ്ഥിതി ചെയ്യുന്ന പ്രീമെട്രിക് ഹോസ്റ്റലിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആത്മഹത്യയ്ക്കായി പ്രേരിപ്പിച്ച കാരണങ്ങൾ എന്തെല്ലാമാണെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | നടത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾ പരസ്പരമുള്ള പ്രശ്നങ്ങളിൽ വിഷമം തോന്നിയാണ് ടി വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ചതെന്ന് പ്രാഥമിക അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. |
| (സി) | മാതാപിതാക്കളിൽ നിന്നും മാറി താമസിക്കേണ്ടിവരുന്ന വിദ്യാർത്ഥികളുടെ മാനസിക സംഘർഷം ഇല്ലാതാക്കുന്നതിനും അവരെ പഠനോത്സുകരാക്കുന്നതിനും സംസ്ഥാനത്തെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (സി) | പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീമെട്രിക് ഹോസ്റ്റലകളിൽ അന്തേവാസികളായ വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിനായി എല്ലാ ഹോസ്റ്റലുകളിലും മേട്രൻ കം റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. ഹോസ്റ്റലുകളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് ആവശ്യമുള്ള പക്ഷം ആയതും നൽകിവരാറുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ കുട്ടികളുടെ മാനസികശേഷി വർദ്ധിപ്പിക്കുന്നതിനും വ്യക്തിത്വ വികസനത്തിനും, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുന്നതിന് സ്റ്റുഡൻസ് കൗൺസിലർമാരുടെ സേവനം നൽകുന്നുണ്ട്. പഠന നിലവാരം ഉയർത്തുന്നതിന് ഹോസ്റ്റലുകളിൽ പാർട്ട് ടൈം ട്യൂട്ടർമാരുടെയും റസിഡൻഷ്യൽ ട്യൂട്ടർമാരുടെയും സേവനവും നൽകുന്നുണ്ട്. കലാകായിക മികവുകൾ |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിന് പരിശീലനം നൽകി വകുപ്പ് നടത്തുന്ന കളിക്കളം, സർഗോത്സവം മുതലായ പരിപാടികളിൽ പങ്കെടുപ്പിച്ചു വരുന്നു. ഹോസ്റ്റലുകളിൽ മോട്ടിവേഷൻ ക്ലാസുകൾ, വ്യക്തിവികാസ പരിശീലനങ്ങൾ എന്നിവ നൽകി വരുന്നു. ടി.വി. ഉൾപ്പെടെയുള്ള വിനോദ ഉപാധികൾ ഹോസ്റ്റലുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഹോസ്റ്റലുകളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത മൂലം പല വിദ്യാർത്ഥികളും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | പരിശോധിച്ചിട്ടുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള ഹോസ്റ്റലുകൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. പ്രീമെട്രിക് ഹോസ്റ്റലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളവയാണ്. എന്നിരുന്നാലും പ്രീമെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യ വികസനം, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി വകുപ്പിൽ നിന്നും തുക അനുവദിച്ചു വരുന്നു. പ്രീമെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും, വിദ്യാർത്ഥികളുടെ മാനസിക ഉല്ലാസത്തിനായി കലാകായിക പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഹോസ്റ്റലുകളിൽ ഭക്ഷണം, പഠന സൗകര്യം, കട്ടിലുകൾ, കിടക്കകൾ, ടോയ്‌ലറ്റുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങൾ പരമാവധി ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം ഹോസ്റ്റലുകൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഇ) | എങ്കിൽ വിദ്യാർത്ഥികളുടെ ഭൗതികവും മാനസികവുമായ ഉന്നമനത്തിനും മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും ഉതകുന്ന തരത്തിൽ സംസ്ഥാനത്തെ പ്രീമെട്രിക് ഹോസ്റ്റലുകളിലെ ഭൗതിക സൗകര്യങ്ങൾ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | പട്ടികജാതി വികസന വകുപ്പിൻ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ വകുപ്പ് വഴിയും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം വഴിയും നിലവിൽ ഒരുക്കി വരുന്നുണ്ട്. അതോടൊപ്പം വിദ്യാർത്ഥികളുടെ ഭൗതികവും മാനസികവുമായ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് വനിതാ ശിശുക്ഷേമ വകുപ്പിന്റെയും വകുപ്പിലെ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരുടെയും നേതൃത്വത്തിൽ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും മാനസിക ആരോഗ്യ പുരോഗതിയ്ക്കുമായി ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. പ്രീമെട്രിക് ഹോസ്റ്റലുകളുടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലുകൾ ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ, നവീകരണം എന്നിവ |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനായി വകുപ്പിൽ നിന്നും അനുമതി നൽകി വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഹോസ്റ്റലുകളിൽ സി.സി.ടി.വി., ഫയർ ആന്റ് സേഫ്റ്റി സിസ്റ്റം, മിനിമാസ്റ്റ് ലൈറ്റ് എന്നവ സ്ഥാപിച്ചു വരുന്നു. ആഹാരത്തിലെ പോഷകാംശം നഷ്ടപ്പെടാതിരിക്കാനും ഗ്യാസിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും സ്റ്റീം ബേയ്സ്ഡ് കുക്കിംഗ് സിസ്റ്റം 65 ഹോസ്റ്റലുകളിൽ സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് ഹോസ്റ്റലുകളിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ